## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5249

05.07.2012-ൽ മറുപടിക്ക്

### പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പലിശ നിരക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജു : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പലിശ നിരക്ക് കുറച്ചിട്ടുണ്ടോ; കുറച്ചത് ബാങ്കുകളുടെ പ്രവർത്തനത്തിന് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ/ ബാങ്കുകളിലെ 180 ദിവസം മുതലുള്ള നിക്ഷേപങ്ങൾക്ക് നിലവിലുണ്ടായിരുന്ന പലിശ നിരക്കിൽ നേരിയ കുറവു വരുത്തിയിരുന്നു. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും ബാങ്കുകളും വിവിധ വാണിജ്യ ബാങ്കുകളും പൊതുമേഖലാ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും സർക്കാർ ട്രഷറിയും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നിലവിൽ നൽകുന്ന പലിശ നിരക്ക് അവലോകനം ചെയ്താണ് ഇപ്രകാരം കുറവു വരുത്തിയത്. ഇത് ബാങ്കുകളുടെ പ്രവർത്തനത്തിന് തിരിച്ചടിയായിട്ടില്ല. എന്നാൽ ഇപ്രകാരം നിശ്ചയിച്ച പലിശനിരക്കിൽ പോരായ്മയുള്ളതായി ശ്രദ്ധയിൽപ്പെടുകയും തുടർന്ന് ആയത് പരിഹരിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) സ്വയം തൊഴിൽ, വിവാഹം, വിദ്യാഭ്യാസ വായ്പ, ഇ.എം.എസ്.ഭവന പദ്ധതി തുടങ്ങിയ വായ്പകളിലെ പലിശ നിരക്കിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ ? | (ബി) നിലവിലുള്ള പലിശ നിരക്കിൽ കുറവു വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ